# 06/05/2024 തിങ്കളാഴ്ച 1.30 പി.എം-ന് നടന്ന ഉപജില്ലാ സ്ഥിരം അദാലത്തിന്റെ (4) മിനിട്സ്

അദാലത്തിൽ ഇന്റേണൽ വിജിലൻസ് ഓഫീസർ, അസിസ്റ്റന്റ് ടൌൺ പ്ലാനർ, അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവർ സന്നിഹിതരായിരുന്നു. താഴെപ്പറയുന്ന പഞ്ചായത്തുകളിലെ പരാതിക്കാരുടെ പരാതി അദാലത്തിൽ പരിഗണിക്കുകയുണ്ടായി.

(I)മുണ്ടക്കയം ജി.പി

(1)പരാതിക്കാരൻ- ഹരികൃഷ്ണൻ.എൻ.എസ് S/O ലിസി സുകുമാരൻ

മുണ്ടക്കയം ഗ്രാമപഞ്ചായത്തിൽ 9/961-ാം നമ്പർ വീടിന്റെ ഉടമസ്ഥാവകാശം ശ്രീ.ഹരികൃഷ്ണന്റെ പേരിലേക്ക് മാറ്റി കിട്ടുന്നതിന് ശ്രീ.ഹരികൃഷ്ണനും മാതാവ് ശ്രീമതി.ലിസി സുകുമാരനും അപേക്ഷ സമർപ്പിച്ചിട്ടുള്ളത് അദാലത്തിൽ പരഗണിച്ചു. 24/12/2019-ൽ ശ്രീ.സുകുമാരൻ ഇഷ്ടദാന ഉടമ്പടി പ്രകാരം മകനായ ഹരികൃഷ്ണന് മേൽ കെട്ടിടവും വസ്തുവും നൽകിയിട്ടുണ്ട്. ഉടമസ്ഥാവകാശം മാറ്റുന്നതിന് മാതാവും സഹോദരിയും സമ്മതപത്രം നൽകിയെങ്കിലും സഹോദരൻ നൽകിയിട്ടില്ല.

പരാതിക്കാരൻ ഹാജരാക്കുന്ന രേഖകൾ കൃത്യം ആണോ എന്ന് പരിശോധിച്ചു നൽകാൻ സാധിക്കുമെങ്കിൽ ഉടമസ്ഥാവകാശം മാറ്റി നൽകാവുന്നതാണ്. കൂടുതൽ വ്യക്തത വരുത്തുന്നതിന് ജോയിന്റ് ഡയറക്ടറുമായി ചർച്ച ചെയ്യാം എന്നും ഒരിക്കൽ കൂടി കേസ് പരിഗണിക്കാമെന്ന് അദാലത്തിൽ തീരുമാനിച്ചു.

(2) പരാതിക്കാരി: വിലാസിനി.എം.എം

മുണ്ടക്കയം ഗ്രാമപഞ്ചായത്തിൽ ശ്രീമതി.വലാസിനി.എം.എം കടമുറിക്ക് കെട്ടിട നമ്പർ ലഭിക്കുന്നതിന് പരാതി സമർപ്പിച്ചിരുന്നത്. നിലവിലുണ്ടായിരുന്ന വീടിനോട് ചേർന്ന് നിർമ്മിച്ച മുറി KPBR 2206 ചട്ടം പാലിക്കാത്തതിനാൽ നമ്പർ നൽകാൻ സാധിക്കുകയല്ല എന്ന് സെക്രട്ടറി അറിയിച്ചു.

ടി പരാതി ഡിസ്പോസ് ചെയ്യുന്നതിനായി അദാലത്തിൽ തീരുമാനിച്ചു.

(II) കടനാട് ഗ്രാമപഞ്ചായത്ത്.

1) പരാതിക്കാരൻ: മത്തായി.സി.ജെ

പരാതിക്കാരന് കടനാട് ഗ്രാമപഞ്ചായത്തിൽ നിന്നും വീട് നിർമ്മിക്കുന്നതിന് പെർമിറ്റ് അനുവദിച്ചപ്പോൾ സൈറ്റിൽ പാറക്കല്ലുകൾ കാണുന്നതിനാൽ മണ്ണെടുക്കുമ്പോൾ പാറപൊട്ടിക്കേണ്ടി വന്നാൽ ബന്ധപ്പെട്ട ഡിപ്പാർട്ട്മെന്റിൽ നിന്നും NOC വാങ്ങി ഡവലപ്പ്മെന്റ് പെർമിറ്റ് എടുക്കേണ്ടതാണെന്ന് നിബന്ധയുണ്ടായിരുന്നു. ഇത് സംബന്ധിച്ച പരാതിയാണ് പരാതിക്കാരൻ സമർപ്പിച്ചത്.

വിഷയം പരിഹരിച്ചിട്ടുണ്ടെന്ന് സെക്രട്ടറി അദാലത്തിനെ അറിയിച്ചു.

(III) കറുകച്ചാൽ ഗ്രാമപഞ്ചായത്ത്

(1) പരാതിക്കാരൻ-റ്റി.എം.ജോസ്

പരാതിക്കാരൻ കറുകച്ചാൽ പഞ്ചായത്തിൽ ബ്ലോക്ക് നമ്പർ 15-ൽ റിസർവ്വേ 367/3-8-ൽ പെട്ട സ്ഥലത്ത് വീട് നിർമ്മിക്കുന്നതിന് പെർമിറ്റ് അനുവദിക്കുന്നതിന് അപേക്ഷ നൽകിയെങ്കിലും വസ്തു ടൌൺപ്ലാനിന്റെ പരിധിയിൽ വരുന്നതാണെന്നും മുൻ ഉടമസ്ഥൻ ടൌൺ പ്ലാനരുടെ അനുമതി വാങ്ങാതെയാണ് പ്ലോട്ട് തിരിച്ച് വിൽപ്പന നടത്തിയതെന്നും കാണിച്ച് പെർമിറ്റ് പഞ്ചായത്തിൽ നിന്നും അനുവദിച്ചിട്ടില്ല എന്നതാണ് പരാതി.

ഇതേ പ്ലോട്ടിൽ മറ്റൊരു വസ്തു ഉടമ ശ്രീ.ജേക്കബ് വർഗീസ് ബഹു.ഹൈക്കോടതിയിൽ നിന്നും അനുകൂല ഉത്തരവ് നേടി പെർമിറ്റ് വാങ്ങിയെന്ന പരാതിക്കാരൻ പരാമർശിച്ചിരിക്കുന്നത് അദാലത്ത് പരിശോധിച്ചു.

മേൽ വിഷയം സംബന്ധിച്ച് കോടതിയെ സമീപിച്ച വ്യക്തികൾക്കാണ് ഉത്തരവ് ബാധകമെന്നും പൊതുവായി സർക്കാർ ഉത്തരവ് വരുന്ന മുറക്കേ മേൽ പരാതി പരിഗണിക്കാൻ കഴിയൂ എന്ന് അദാലത്തിൽ തീരുമാനിച്ചു.

2) പരാതിക്കാരൻ- ജോസഫ്.സി.ഡി

പരാതിക്കാരന്റെ അയൽവാസിയായ ശ്രീ.സുനിൽ മാത്യുവിന്റെ കാർ പോർച്ചിന്റെ ഷീറ്റ് ചുറ്റുമതിലിനോട് ചേർന്ന് നീട്ടി പിടിച്ചിട്ടുള്ളതാണെന്നും അത് നീക്കം ചെയ്യുന്നതിന് സെക്രട്ടറി ശ്രീ.സുനിൽ മാത്യവിന് നോട്ടീസിന് നൽകിയെങ്കിലും നടപടിയുണ്ടായിട്ടില്ല എന്നതാണ് പരാതി.

ടി വിഷയവുമായി ബന്ധപ്പെട്ട് ഒരു റിപ്പോർട്ട് സമർപ്പിക്കുന്നതിന് സെക്രട്ടറിക്ക് നിർദ്ദേശം നൽകി. ടി സ്ഥലം ജോയിന്റ് ഇൻസ്പെക്ഷൻ നടത്തുന്നതിന് അദാലത്തിൽ തീരുമാനിച്ചു.

(IV)കാഞ്ഞിരപ്പള്ളി ഗ്രാമപഞ്ചായത്ത്

(1) പരാതിക്കാരൻ-ജോസഫ് മാത്യു.

പരാതിക്കാരൻ കാഞ്ഞിരപ്പള്ളി ഗ്രാമപഞ്ചായത്തിൽ നിർമ്മിച്ചിട്ടുള്ള കൊമേഴ്സ്യൽ കെട്ടിടത്തിന് നമ്പർ ലഭിച്ചിട്ടില്ല. 27/03/2024 -ലെ ഉപജില്ലാ സ്ഥിരം അദാലത്ത് സമിതിയുടെ തീരുമാന പ്രകാരം ജോയിന്റ് ഇൻസ്പെക്ഷൻ നടത്തി. എന്നാൽ പഞ്ചായത്ത് വക ഭൂമിയയുമായി അതിര് പങ്കിടുന്ന സ്ഥലത്തെ അതിർത്തി വ്യക്തമല്ല എന്നു അസിസ്റ്റന്റ് ടൌൺ പ്ലാനർ അറിയിച്ചു. അതിർത്തി നിർണ്ണയം നടത്തുന്നതിനും, പഞ്ചായത്തിൻറെ കൺസന്റ് വാങ്ങിക്കൊണ്ട് സെറ്റ്ബാക്കിൽ ഇളവ് നൽകാൻ സാധിക്കുമോ എന്ന് പരിശോധിക്കുന്നതിനും കമ്മറ്റിയുടെ തീരുമാനത്തിനായി ടി വിഷയം പഞ്ചായത്ത് കമ്മിറ്റി അജണ്ടയിൽ ഉൾപ്പെടുത്തുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചു.

(V)വാഴൂർ ഗ്രാമപഞ്ചായത്ത്

(1) പരാതിക്കാരൻ-പ്രകാശ്.വി.ആർ

അപേക്ഷകൻ നിലവിലുള്ള 15-ാം വാർഡിൽ 436-ാം നമ്പർ വീടിന്റെ മുകളിൽ മുറികൾ പണിത് ക്രമവത്കരിക്കുന്നതിന് അപേക്ഷ സമർപ്പിച്ചിട്ടുള്ളതാണ്. കോൺക്രീറ്റ് റൂഫിന് സംരക്ഷണത്തിനായി ഗ്രൌണ്ട് ലവലിൽ നിന്നും നിർമ്മിച്ച അധിക ഓട് മേൽക്കൂരയുടെ വിസ്തീർണ്ണം കൂടി നിർമ്മിത വിസ്തീർണ്ണത്തോടെ ചേർത്ത് ക്രമവൽകരണ ഫീസ് അടയ്ക്കുവാൻ പഞ്ചായത്തിൽ നിന്നും അറിയിച്ചതിനെതിരെയുള്ള പരാതി അദാലത്തിൽ പരിശോധിച്ചു.

2019 KPBR 74 (9) പ്രകാരം ടെറസിന്റെ സംരക്ഷണത്തിന് മാത്രമാണോ ഓട് മേൽക്കൂര നിർമ്മിച്ചിരിക്കുന്നത് എന്ന് പരിശോധിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി അദാലത്തിൽ തീരുമാനിച്ചു. കേസ് വീണ്ടും പരിഗണിക്കുന്നതിന് തീരുമാനിച്ചു.

യോഗം വൈകുന്നേരം 3.00 പി.എം-ന് സമാപിച്ചു.